പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1011 — 11.07.2011 -ൽ മറുപടിയ്ക്ക്

## ഖാദി-ഗ്രാമവ്യവസായ മേഖലകളിലെ വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>( ബഹു. സഹകരണ വകുപ്പ് മന്ത്രി) |
| (എ) | ഖാദി-ഗ്രാമവ്യവസായ മേഖലകളിലെ വികസനത്തിനായി 2006-2011 കാലയളവിൽ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ; | (എ) ഖാദിമേഖലയുടെ വികസനത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു:<br><br>(1) വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും 2008-09 -ൽ 500 ലക്ഷം രൂപയും 2009-10 -ൽ 550 ലക്ഷം രൂപയും അനുവദിച്ചു. 2010-11-ൽ 550 ലക്ഷം രൂപ റിബേറ്റിനത്തിൽ അനുവദിച്ചു. ഇതുമൂലം ഖാദി മേഖലയ്ക്ക് പുത്തൻ ഉണർവ് ഉണ്ടായിട്ടുണ്ട്.<br><br>2. ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25% വും, 2009 മുതൽ 50% വും വർദ്ധിപ്പിച്ചു. മിനിമം വേതനം നടപ്പിലാക്കി. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽപ്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും, 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും, നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്ന് 55 പൈസയായും, 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏറ്റുകുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. |

3. ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായ രണ്ട് കോടി രൂപ അനുവദിച്ച് നൽകി.

4. സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും ഇതാദ്യമായി 250 രൂപ വീതം ഓണക്കാലത്ത് ഉത്സവബത്ത നൽകുകയും പിന്നീട് ഈ തുക വർദ്ധിപ്പിച്ച് 300 രൂപയാക്കുകയും ചെയ്തു. 2010-ൽ അത് വീണ്ടും വർദ്ധിപ്പിച്ച് 500 രൂപയാക്കി.

5. ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും, 2008-09 വർഷം 20 ലക്ഷം രൂപയും, 2009-2010 വർഷം 20 ലക്ഷം രൂപയും, 2010-11 വർഷം 25 ലക്ഷം രൂപയും അനുവദിച്ചു. ഇതിലൂടെ 19 ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

6. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും, 2008-09 വർഷം 25 ലക്ഷം രൂപയും, 2009-2010 വർഷം 25 ലക്ഷം രൂപയും അനുവദിച്ചു. 2010-11 വർഷം 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുമൂലം 24 ഖാദി സ്ഥാപനങ്ങൾ പുനരുദ്ധരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

7. ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. അതുപോലെ കണ്ണൂർ കാസർഗോഡ് ജില്ലകൾക്കായി അധിക കേന്ദ്ര സഹായ ഫണ്ട് (ACA) ഇനത്തിൽ അനുവദിച്ച രണ്ട് കോടി രൂപ ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ലസ്റ്റർ ആരംഭിച്ചു. ഈ പദ്ധതിയൻകീഴിൽ പുതിയ 400 ചർക്കകളും 70 തറികളും സ്ഥാപിച്ചു.

8. ഖാദി കൈത്തൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ അനുവദിച്ചു. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിക്കുന്ന സ്ഥാനത്ത് തൊഴിലാളി കൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി. ഇതിലൂടെ 2009-10-ൽ 400

ഖാദി കൈത്തൊഴിൽകാർക്ക് മേശയും സ്റ്റൂളും നൽകുകയുണ്ടായി. 2010-11 വർഷം ഇക്കാര്യത്തിലേയ്ക്ക് 10 ലക്ഷം രൂപ അനുവദിച്ചു. ഇതിന്റെ ഭാഗമായി 1000 മേശകളും സ്റ്റൂളുകളും വിതരണം ചെയ്തിട്ടുണ്ട്. 200 ചർക്കകൾ റിപ്പയർ ചെയ്തു. സിൽക്ക് നെയ്ത്തിന് വേണ്ടി പുതിയ കെട്ടിടം നിർമ്മിച്ചു. 2 റെഡിമെയ്ഡ് വാർപ്പ് യൂണിറ്റുകൾ നെല്ലൂന്നിയിലും, ചെറുവത്തൂരിലും സ്ഥാപിച്ചു. പയ്യന്നൂർ ഖാദി ഭവൻ നവീകരിച്ചു. 24 വർക്ക് ഷെഡുകൾ മെയിന്റനൻസ് നടത്തി. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി. 50 പേർക്ക് നെയ്ത്തിൽ പരിശീലനം നൽകി. ഇതിലൂടെ 500 പേർക്ക് അധികമായി തൊഴിൽ നൽകാൻ സാധിച്ചു.

9. ഖാദി വില്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടവത്ക്കരിക്കുന്നതിനായി 2007-08 വർഷം 20 ലക്ഷം രൂപയും 2008-09-ൽ 50 ലക്ഷം രൂപയും 2009-2010-ൽ 50 ലക്ഷം രൂപയും, 2010-11 വർഷം 68 ലക്ഷം രൂപയും അനുവദിച്ചു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

10. ഖാദി വില്പന ലക്ഷ്യമാക്കി എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ ഖാദി സൗഭാഗ്യ ഷോറൂം ആരംഭിക്കുന്നതിനായി 2010-11 വർഷം 25 ലക്ഷം രൂപ അനുവദിച്ചു. 6/8/2010-ൽ പ്രസ്തുത ഷോറൂം പ്രവർത്തനം ആരംഭിച്ചു.

11. സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ട് ദിവസം ഖാദി/കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുമുള്ള സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20% വർദ്ധനവുണ്ടായി. ഇതുവഴി ഖാദി മേഖലയിൽ ഉൽപ്പാദനം വർദ്ധിക്കുകയും പുത്തൻ ഉണർവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

12. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി നെയ്ത്തു തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ

വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

13. പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കു തൊഴിൽ ലഭ്യമാക്കുന്നതിന് സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി 105.75 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചു (SCP Pooled fund).

14. ഖാദി മേഖലയിൽ മിനിമം കൂലി ഏർപ്പെടുത്തുന്നതിന്റെ വിശദാംശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തി.

15. ഖാദിമേഖലയിൽ മിനിമം വേതനം ഏർപ്പെടുത്തുന്നതിന് ഇൻകം സപ്പോർട്ട് സ്കീമിൽപ്പെടുത്തി 2010-11 വർഷം 10 കോടി രൂപ അനുവദിച്ച് , വിതരണം ചെയ്ത് വരുന്നു.

| | | |
|---|---|---|
| (ബി) | പാലക്കാട് ജില്ലയിൽ എവിടെയെല്ലാം ഖാദി-ഗ്രാമ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ; | ബി) **ഗ്രാമവ്യവസായ യൂണിറ്റുകൾ** |

1. കളപ്പെട്ടി (തേൻ സംസ്കരണ കേന്ദ്രം)

**വില്പന യൂണിറ്റുകൾ**

1) പാലക്കാട് (വെസ്റ്റ് ഫോർട്ട് റോഡ്)
2) പാലക്കാട് (ടൗൺ ബസ് സ്റ്റാന്റ്)
3) കോങ്ങാട്
4) എലപ്പുള്ളി
5) കളപ്പെട്ടി
6) കിഴക്കഞ്ചേരി
7) മണ്ണൂർ
8) മുങ്കിൽമട
9) പട്ടഞ്ചേരി
10) പെരുവെമ്പ്
11) വടശ്ശേരി
12) വിളയോടി
13) ശ്രീകൃഷ്ണപുരം.

3. മറ്റ് അംഗീകൃത ഖാദി സ്ഥാപനങ്ങളായ പാലക്കാട് സർവ്വോദയ സംഘം, കേരളാ സർവ്വോദയ സംഘം, ഗാന്ധി സ്മാരക നിധി, അകത്തേത്തറ ഖാദി സഹകരണ സംഘം എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്നവ:

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എവിടെയെല്ലാം ഖാദി-ഗ്രാമ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു; പ്രസ്തുത യൂണിറ്റുകളുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഖാദിബോർഡിന്റെ കീഴിൽ ആറ്റാശ്ശേരിയിൽ ഖാദി നൂൽനൂൽപ്പ് കേന്ദ്രവും, ശ്രീകൃഷ്ണപുരത്ത് നെയ്ത്ത് കേന്ദ്രവും, വില്പന കേന്ദ്രവും പ്രവർത്തിക്കുന്നു.

ശ്രീകൃഷ്ണപുരത്ത് ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും സഹകരണത്തോടെ വാടകരഹിത കെട്ടിടത്തിലാണ് നെയ്ത്ത് യൂണിറ്റ് പ്രവർത്തിക്കുന്നത്. തുടക്കത്തിൽ 10 നെയ്ത്ത് തറികളിലൂടെ 20 പേർക്ക് തൊഴിൽ നൽകി. പുതിയതായി 10 തറികൾ കൂടി സ്ഥാപിച്ചു. ഇപ്പോൾ 35 തൊഴിലാളികൾ പ്രവർത്തിക്കുന്നു. തൊഴിലാളികളെ ലഭിക്കുന്ന മുറയ്ക്ക് 40 പേർക്ക് ഇവിടെ തൊഴിൽ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

ആറ്റാശ്ശേരി 22 ചർക്കകളിൽ അത്രയും തൊഴിലാളികൾ തൊഴിൽ ചെയ്യുന്നു. 20 നെയ്ത്ത് തറികൾ പുതിയതായി സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വൈദ്യുതീകരണം, സീലിംഗ്, ബോയിലിംഗ് ഷെഡ് നിർമ്മാണം-ഫെൻസിംഗ് എന്നീ പരിപാടികൾക്കും ഉദ്ദേശിക്കുന്നു. കൂടാതെ പാലക്കാട് സർവ്വോദയ സംഘത്തിന് കീഴിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപ്പെട്ട ഒറ്റപ്പാലം, പാലപ്പുറം, അമ്പലപ്പാറ, കടമ്പഴിപ്പുറം, പുഞ്ചപ്പാടം എന്നിവിടങ്ങളിൽ ഖാദി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സ്ലാഗ്ഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ 10 നെയ്ത്ത് തറികൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ